ഉത്തരം

(എ) ഒന്ന്.

(ബി) കണ്ണൂർ ജില്ലയിൽ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ക്ലേ ഖനനത്തിൽ ഏർപ്പെട്ടിരിക്കുന്ന സൂപ്പർ ക്ലേയ്സ് ആൻറ് മിനറൽസ് ഒ മനിങ്ങ് കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ് എന്ന വ്യവസായ സ്ഥാപനം ഇതിൽ ഉൾപ്പെടും.

(സി) മാടായിയിലെ ലെയ്സാൺ കമ്മിറ്റി കൺവീനർ ശ്രീ. കോരൻ മാസ്റ്ററിൽ നിന്നും നിവേദനം കിട്ടിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്.

(ഡി) സൂപ്പർ ക്ലേയ്സ് ആൻഡ് മിനറൽസ് മൈനിംഗ് കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനം അടിയന്തിരമായി മാനേജുമെൻറ് നെകൊണ്ട് തുറപ്പിക്കുകയോ അല്പാത്തപക്ഷം ഗവൺമെൻറ് ഏറെറടുത്തു നടത്താൻ എന്തെങ്കിലും ഏർപ്പാട് ചെയ്യുകയോ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഈ) കേരള റിലീഫ് അണ്ടർ ടേക്കിംഗ്സ് ആക്ടനുസരിച്ച് മേൽ സൂചിപ്പിച്ച വ്യവസായസ്ഥാപനം 2-3-1976 മുതൽ രണ്ടുവർഷത്തേക്ക് ഒരു റിലീഫ് അണ്ടർ ടേക്കിംഗ് ആയി പ്രഖ്യാപിക്കുകയും അതിൻെറ ഭരണച്ചുമതല കേരള സ്റേറററ് ഇൻഡസ്ട്രിയൽ എൻറർ പ്രൈസസ്സിനെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്.

ബാലസുബ്രമണ്യവിലാസം നെയ്ത്തുശാല

210. [214] ശ്രീ പി. ഐ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൻെറ കൈവശത്തിലിരിക്കുന്നതും ബാലസുബ്രമണ്യവിലാസം നെയ്ത്തുശാല എന്നറിയപ്പെടുന്നതും ഒന്നരയേക്കറോളം വിസ്തീർണ്ണമുള്ളതും എം. സി. റോഡിനരുകിൽ പെരുമ്പാവൂരിൽ വല്ലം കവലയിൽ സ്ഥിതിചെയ്യുന്നതുമായ സ്ഥലത്തുനിന്നും, കെട്ടിടത്തിൽനിന്നും, വൃക്ഷങ്ങളിൽനിന്നും ഡിപ്പാർട്ടുമെൻറിന് പ്രതിവർഷം എന്ത് ആദായം കിട്ടുന്നുണ്ട് ;

(ബി) സ്ഥലത്തെ കെട്ടിടം ഇടിഞ്ഞുവീണുകൊണ്ടിരിക്കയാണെന്നും സ്ഥലംതന്നെ അയൽവാസികൾ അതിരുമാറ്റി കൈയ്യേറികൊണ്ടിരിക്കയാണെന്നുമുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സ്ഥാപനം പൂട്ടിക്കിടക്കുന്നതിനാൽ സ്ഥിരമായ ആദായം ഇല്ല. കഴിഞ്ഞകൊല്ലം 350 രൂപ അവിടെയുള്ള വൃക്ഷങ്ങളുടെ കായ്ഫലത്തിൽ നിന്നും ആദായം കിട്ടി.

(ബി) മെയിൻറനൻസ് ചെയ്യാത്തതുകൊണ്ട് കെട്ടിടം ജീർണ്ണിച്ചു കിടക്കുകയാണ്. സ്ഥലം ആരും കൈയ്യേറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly